MATHRUBHUMI 10-08-2016



സി.ഐ.എഫ്.ടി. കൊച്ചിയിൽ നടത്തുന്ന പരിപാടിയിൽ സ്ത്രീകൾക്ക് വല നിർമാണത്തിൽ പരിശീലനം നൽകുന്നു

# വല നിർമാണത്തിൽ സ്ത്രീകൾക്കായി പരിശീലനം

**കൊച്ചി:** സ്ത്രീകൾക്കായി മത്സ്യബന്ധന വലകളുടെ നിർമാണവും കേടുപാടുകൾ തീർക്കലും എന്ന വിഷയത്തിൽ നടത്തുന്ന പഞ്ചദിന പരിശീലന പരിപാടി കെ.ജെ. മാക്സി എം.എൽ.എ. ഉദ്ഘാടനം ചെയ്തു.

സി.ഐ.എഫ്.ടി. കൊച്ചിയിൽ നടത്തുന്ന പരിപാടിയിൽ കേരള തീരത്ത് ഉപയോഗിക്കുന്ന വിവിധതരം വലകളുടെ നിർമാണത്തിലും വലകളുടെ കേടുപാടുകൾ തീർക്കുന്നതിലും സ്ത്രീകൾക്ക് പരിശീലനം നൽകും.

സി.ഐ.എഫ്.ടി. ഡയറക്ടർ ഡോ.സി.എൻ. രവിശങ്കർ അധ്യക്ഷത വഹിച്ചു. ഫിഷിങ് ടെക്നോളജി വിഭാഗം മേധാവി ഡോ.ലീല എഡ്വിൻ, എക്സ്റ്റെൻഷൻ വകുപ്പ് വിഭാഗം മേധാവി ഡോ.എ.കെ. മൊഹന്തി തുടങ്ങിയവർ സംസാരിച്ചു